# മഹാത്മാഗാന്ധി സർവ്വകലാശാല

നം.എ.ഡി. എ1-2-398/2015 തീയതി 22.04.2017

## പരിപത്രം

വിഷയം: സർവ്വകലാശാല ജീവനക്കാരുടെ പൊതുസ്ഥലം മാറ്റം - വിശദാംശങ്ങൾ നിർദ്ദിഷ്ട ഫോറത്തിൽ സമർപ്പിക്കുന്നത് സംബന്ധിച്ച്:

സൂചന: 27.03.2017 ലെയും, 01.04.2017 ലെയും സിൻഡിക്കേറ്റ് യോഗത്തിൻെറ തീരുമാനം മിനിറ്റ്സ് ഐറ്റം നം. OA 4/17.03.

സർവ്വകലാശാലയിലെ പരീക്ഷാ/പരീക്ഷേതര ശാഖകളിലെ സേവനം മെച്ചപ്പെടുത്തുന്നതിൻെറ ഭാഗമായി ജീവനക്കാർ എല്ലാ വിഭാഗങ്ങളിലും ജോലി ചെയ്യുന്നതിനും, പരിചയ സമ്പന്നരാകുന്നതിനു വേണ്ടി പൊതു സ്ഥലം മാറ്റം നടത്തുവാൻ മേൽ സൂചന പ്രകാരം സിൻഡിക്കേറ്റ് തീരുമാനിച്ചിട്ടുണ്ട്. ആയതിൻ പ്രകാരം സർവ്വകലാശാലയിലെ സെക്ഷൻ ഓഫീസർമാരുടേയും, അസിസ്റ്റൻറ് രജിസ്ട്രാർമാരുടേയും സ്ഥലം മാറ്റം യഥാക്രമം 01.06.2017, 01.07.2017 എന്നീ തീയതികൾ മുതൽ പ്രാബല്യത്തിൽ വരുന്ന രീതിയിൽ, നടപ്പിൽ വരുത്തുവാൻ തീരുമാനമായിട്ടുണ്ട്.

പരീക്ഷാ/പരീക്ഷേതര വിഭാഗങ്ങളെ സ്വതന്ത്രമായ യൂണിറ്റ്/ശാഖകൾ ആയി തരംതിരിച്ചുകൊണ്ടാണ് സ്ഥലം മാറ്റം നടപ്പിലാക്കുന്നത്.

മേൽ സൂചനയിലെ സിൻഡിക്കേറ്റ് തീരുമാന പ്രകാരം സെക്ഷൻ ഓഫീസർമാരുടെയും/അസിസ്റ്റൻറ് രജിസ്ട്രാർമാരുടേയും സ്ഥലം മാറ്റം നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള പട്ടിക തയ്യാറാക്കുന്നതിലേയ്ക്കായി ഈ സർക്കുലറിനോടൊപ്പം ചേർത്തിട്ടുള്ള ഫോറത്തിൽ, എല്ലാ സെക്ഷൻ ഓഫീസർമാരും/അസിസ്റ്റൻറ് രജിസ്ട്രാർമാരും തങ്ങൾ ഇപ്പോൾ ജോലിചെയ്യുന്ന വിഭാഗത്തിലെ അവരവരുടെ സേവന വിശദാംശങ്ങൾ ഉൾപ്പെടുത്തി എ.ഡി എ1 സെക്ഷനിൽ 30.04.2017 നോ അതിനു മുൻപോ ലഭ്യമാക്കേണ്ടതാണ്.

ഒപ്പ്
രജിസ്ട്രാറുടെ ചുമതല വഹിക്കുന്ന
ഡയറക്ടർ, കോളേജ് ഡവലപ്മെൻറ് കൗൺസിൽ

പകർപ്പ്

1. സെക്ഷനുകൾ/ഡിപ്പാർട്ട്മെൻറുകൾ/സ്കൂളുകൾ/ സെൻററുകൾ
2. വൈസ് ചാൻസിലറുടെ പി.എസ്
3. പ്രോ വൈസ് ചാൻസിലറുടെ പി.എസ്
4. രജിസ്ട്രാറുടെ/പരീക്ഷാ കൺട്രോളറുടെ/ഫിനാൻസ് ഓഫീസറുടെ പി.എ. മാർ
5. അസിസ്റ്റൻറ് സെക്യൂരിറ്റി ഓഫീസർ/എസ്റ്റേറ്റ് ഓഫീസർ
6. പബ്ലിക് റിലേഷൻസ് ഓഫീസർ.
7. നോട്ടീസ് ബോർഡ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

## പ്രഫോമ

**(സെക്ഷൻ ഓഫീസർമാരുടെ/അസിസ്റ്റൻറ് രജിസ്ട്രാർമാരുടെ വിശദാംശങ്ങൾ)**

| പേര്/തസ്തിക/ സെക്ഷൻ | ജനനതീയതി | നിലവിലെ തസ്തികയിൽ സ്ഥാനക്കറ്റം ലഭിച്ച തീയതി | നിലവിലെ സെക്ഷൻ/വിഭാഗത്തിൽ ജോലിയിൽ പ്രവേശിച്ച തീയതിയും, കാലയളവും. ഒരേ വിഭാഗത്തിൽ ഒന്നിൽ കൂടുതൽ സെക്ഷനിൽ ജോലിചെയ്തിട്ടുണ്ടെങ്കിൽ അതിൻെറ തീയതിയും, കാലയളവും | മറ്റ് പരീക്ഷ/പരീക്ഷേതര വിഭാഗങ്ങളിൽ ജോലി ചെയ്തതിൻെറ വിശദാംശങ്ങൾ |
|---|---|---|---|---|
| | | | | |

(മേൽ വിശദാംശങ്ങൾ അതാത് സെക്ഷൻ ഓഫീസർമാർ/അസിസ്റ്റൻറ് രജിസ്ട്രാർമാർ പൂരിപ്പിക്കേണ്ടതാണ്)

### സക്ഷ്യപത്രം

ശ്രീ/ശ്രീമതി. .................................................................................. സെക്ഷൻ ഓഫീസറെ/അസിസ്റ്റൻറ് രജിസ്ട്രാറെ കുറിച്ച് മുകളിൽ നൽകിയിട്ടുള്ള വിശദാംശങ്ങൾ പരിശോധിച്ച് ശരിയാണെന്ന് ഉറപ്പുവരുത്തിയിരിക്കുന്നു.

ഡെപ്യൂട്ടി രജിസ്ട്രാർ/അസിസ്റ്റൻറ് രജിസ്ട്രാറുടെ പേര്/ഒപ്പ്

(സെക്ഷൻ ഓഫീസറെക്കുറിച്ചുള്ള വിശദാംശങ്ങൾ അസിസ്റ്റൻറ് രജിസ്ട്രാറും, അസിസ്റ്റൻറ് രജിസ്ട്രാറെക്കുറിച്ചുള്ള വിശദാംശങ്ങൾ ഡെപ്യൂട്ടി രജിസ്ട്രാറും സക്ഷ്യപ്പെടുത്തേണ്ടതാണ്)

തീയതി: